കൂടാതെ ഖാദിഗ്രാമവ്യവസായ മേഖലയിൽ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 1067325 രൂപയും ഫ്ലാഗ്ഷിപ്പ് പദ്ധതി പ്രകാരം 50,000 രൂപയും 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ചെലവഴിച്ച് സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

131 (516) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുതപദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 66 സഹകരണ സംഘങ്ങൾക്ക് 384.39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല എന്നാൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്:

1. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
2. ദുർബല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
3. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം - 35 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

4. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 15.05 ലക്ഷം രൂപ

5. അർബൻ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 5 ലക്ഷം രൂപ

6. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ധനസഹായം - 1.31 ലക്ഷം രൂപ

7. സ്കൂൾ സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി - 58,500 രൂപ

8. വനിത സഹകരണ സംഘങ്ങൾക്കുള്ള ഓഹരി ധനസഹായം - 50,000 രൂപ

9. വനിത സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ് - 2 ലക്ഷം രൂപ

10. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഓഹരി ധനസഹായം - 12 ലക്ഷം രൂപ

11. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഗ്രാന്റ് - 21,000 രൂപ

12. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആധുനികവൽക്കരണത്തിനുള്ള ധനസഹായം - 47.50 ലക്ഷം രൂപ

13. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ആധുനിക വൽക്കരണത്തിനുള്ള ധനസഹായം-88 ലക്ഷം രൂപ

14. സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം - 137.235 ലക്ഷം രൂപ.

(സി) വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പാ സംഘങ്ങളിൽ ധാര പദ്ധതി

132(517) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പാ സംഘങ്ങളിൽ ധാര പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly